പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**ആർ.ഐ.ഡി.എഫ്. ൽ ഉൾപ്പെടുത്തുന്നതിന്റെ നടപടിക്രമം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3288 — 12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നബാർഡിലേക്ക് ആർ.ഐ.ഡി.എഫ്. ൽ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് സമർപ്പിക്കുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ; | (എ) | നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) പ്രവൃത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കുള്ള അർഹമായ വിഹിതം എസ്.എൽ.ഇ.സി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി ധനകാര്യ വകുപ്പ് വഴി നബാർഡിന്റെ അനുമതിയ്ക്ക് അയയ്ക്കുകയും, അനുമതി ലഭിയ്ക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. |
| (ബി) | ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | (ബി) | നബാർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതി നിർദ്ദേശങ്ങളിൽ ലഭ്യമായ വിഹിതത്തിനുള്ളിൽ നിർത്തി സംസ്ഥാന സർക്കാർ മുൻഗണനാ ക്രമത്തിൽ അംഗീകാരം നൽകുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകുമോ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**